# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2617 17/10/2016 ൽ മറുപടിയ്ക്ക്**

### ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള പദ്ധതി

ചോദ്യം

ശ്രീ. സി. ദിവാകരൻ

ഉത്തരം

ശ്രീ. പിണറായി വിജയൻ

(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്. സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ വകുപ്പ് തലവൻമാരുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ചുചേർത്ത് ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു.ഫയൽ നീക്കം പൂർണ്ണമായും e-office സംവിധാനത്തിലൂടെ നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലൂടെ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഗണ്യമായി കുറയുന്നതാണ്.<br>നിയമപരമായ മറ്റ് തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിൻമേലും പരാതികളിൻമേലും സമയപരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ